**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.368.** 08.02.2016 **ൽ മറുപടിയ്ക്ക്.**

**<u>സ്വകാര്യ/സ്കൂൾ വാഹനങ്ങളുടെ പരിശോധന</u>**

| **ചോദ്യം**<br>**ശ്രീ. പി.ഉബൈദുള്ള** | | **ഉത്തരം**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്കൂൾ കുട്ടികളെ കയറ്റി കൊണ്ടുപോകുന്ന സ്വകാര്യ/സ്കൂൾ വാഹനങ്ങൾക്ക് അപകടം സംഭവിക്കുമ്പോഴല്ലാതെ പീരിയോഡിക്കൽ പരിശോധന നടത്താറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ 2015-ൽ എത്ര തവണ പരിശോധന നടത്തി; ലംഘനങ്ങൾക്ക് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര വാഹനങ്ങളിൽ നിന്ന് പിഴ ഈടാക്കി; ഏതൊക്കെ ലംഘനങ്ങൾക്കാണ് പിഴ ഈടാക്കിയത്; | (ബി) | 174 തവണ പരിശോധന നടത്തി. 1567 കേസുകൾ രജിസ്റ്റർ ചെയ്തു. 1021 വാഹനങ്ങളിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ട്. നികുതി കുടിശ്ശിക, ഓവർലോഡ്, മതിയായ യോഗ്യതയും പ്രവൃത്തി പരിചയവും ഇല്ലാത്ത ഡ്രൈവർമാരുടെ ഡ്രൈവിംഗ്, ഫിറ്റ്നസ്, ഇൻഷ്വറൻസ്, വാഹനത്തിൽ സൂക്ഷിക്കേണ്ടതായ രേഖകൾ എന്നിവ ഇല്ലാതെ വാഹനം ഓടിക്കൽ, സ്കൂൾ വാഹനങ്ങളിൽ ആയമാരുടെ അഭാവം, അമിത ശബ്ദമുള്ള ഹോണിന്റെ ഉപയോഗം, |

| | | | |
|---|---|---|---|
| | | | സ്പീഡ് ഗവർണറിന്റെ അഭാവം/ പ്രവർത്തനക്ഷത ഇല്ലായ്മ, ലൈറ്റുകൾ പ്രവർത്തിയ്ക്കാത്ത അവസ്ഥ തുടങ്ങിയ നിയമ ലംഘനങ്ങൾക്കാണ് പിഴ ഈടാക്കിയത്. |
| (സി) | കുട്ടികളെ ഇത്തരം വാഹനങ്ങളിൽ കുത്തിത്തിരുക്കി അമിതവേഗത്തിൽ ഓടിച്ച് പുഴയിലും തോട്ടിലും മറിഞ്ഞ് അപകടങ്ങൾ വർദ്ധിച്ച് വരുന്നതിനാൽ ഇത്തരം വാഹനങ്ങൾ അടിക്കടി പരിശോധിച്ച് ശക്തമായ നടപടി സ്വീകരിക്കുന്നതിന് പ്രത്യേകം നിർദ്ദേശം നൽകുമോ? | (സി) | നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.